മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇംഗ്ലീഷില്ലാതെകണ്ടു് ഈ വകസംഗതികളൊന്നും അധഃകൃതരെ മനസ്സിലാക്കുവാൻ സംഗതിക്കുകയില്ലേ?

രാമവർമ്മതമ്പുരാൻ.—അവരെ സംബന്ധിച്ചു് ബാക്കിയുള്ള എല്ലാസംഗതികളും നോക്കുന്നതിനു് ഇംഗ്ലീഷിന്റെ ആവശ്യമുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—പുലയൽ പതിച്ചുകൊടുക്കുവാൻമാത്രമാണെന്നു് ഗവർമ്മെണ്ടു് ഇതിനുമുമ്പു് പറഞ്ഞിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഓർമ്മയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ലേബർ ഇൻസ്പെക്ടരെ നിയമിച്ചിട്ടു് എത്രകൊല്ലമായി?

രാമവർമ്മതമ്പുരാൻ.—ഒന്നരയോ, രണ്ടോ കൊല്ലമായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അദ്ദേഹം ഇതേവരെ എന്തെല്ലാം പ്രവൃത്തികളാണ ചെയ്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—അദ്ദേഹം പല ജോലികളും ചെയ്യുന്നുണ്ടു്.—അഡ്വ°മിനിസ്ട്രേഷൻ റിപ്പോർട്ടു് നോക്കണം.—

മിസ്റ്റർ എ. ഈച്ചരമേനോൻ.—മിസ്റ്റർ വള്ളോനു ജോലികൊടുക്കണമെന്നു് അപേക്ഷിച്ചപ്പോൾ ആ അപേക്ഷയെ ഗവർമ്മെൻറു് എന്തുചെയ്തു?

രാമവർമ്മതമ്പുരാൻ.—വള്ളോൻ അപേക്ഷിച്ചതു് സക്കാർ ജോലിക്കുവേണ്ടിയാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ നിയമിച്ചിട്ടുള്ള ലേബർ ഇൻസ്പെക്ടർ ഇതേവരെ വല്ലതും ജോലികൾ അന്വേഷിച്ചുകണ്ടുപിടിച്ചു് നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അഡ്വ°മിനിസ്ട്രേഷൻ റിപ്പോർട്ടുനോക്കണം.

Bhajana Mutts for Depressed Classes—petitions for.

252. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ദയവുണ്ടാകുമോ,—

ഏണാകുളം, പുല്ലെപ്പടി മുതലായ സ്ഥലങ്ങളിൽ നിവസിക്കുന്ന അധഃകൃതർക്ക് ഭജനമഠത്തിനും മറ്റുമായി എത്ര ഹർജികൾ അയച്ചിട്ടുണ്ടു്?

രാമവർമ്മതമ്പുരാൻ.—രണ്ടു ഹർജികൾ അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ പി. വള്ളോൻ.—ഈ ഹർജിയിൽ പറയുന്ന സംഗതികൾ വല്ലതും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—വിദ്യാഭ്യാസസംബന്ധമായും മറ്റും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഭജനമഠത്തെ സംബന്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ള്ള അപേക്ഷയിൽ പറയുന്ന സംഗതികൾ വല്ലതും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടിസുവേണം. നിശ്ചയമില്ല.

മിസ്റ്റർ എ. ശങ്കരപ്പിള്ളവാര്യം.—അധഃകൃതരെല്ലാവരും ഭജനമഠം ഉപയോഗിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ. എല്ലാവരും ഉപയോഗിക്കുന്നുണ്ടെന്നാണറിഞ്ഞിട്ടു്.

Depressed Classes' Conference—resolutions of.

253. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ സക്കാർ ഹൈസ്കൂളിൽവച്ചു് വിദ്യാഭ്യാസമേലധ്യക്ഷൻ അവർകളുടെ അദ്ധ്യക്ഷത്തിൽ കൂടിയ അധഃകൃത സമ്മേളനത്തിൽ പാസാക്കിയ പ്രമേയത്തിന്റെ ഒരു കാപ്പി ഈ മേശപ്പുറത്തു വയ്ക്കുമോ?

രാമവമ്മ തമ്പുരാൻ.—കാപ്പി മേശപ്പുറത്തു വച്ചിരിയ്ക്കുന്നു. (*Appendix I.*)

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ ഓരോ പ്രമേയങ്ങളെ സംബന്ധിച്ചും എന്തു നടപടി നടത്തിയെന്നു പറയുവാൻ ഗവ മ്മെൻറിനു് ഭയമുണ്ടാകുമോ?

രാമവമ്മതമ്പുരാൻ.—അവക്കു പുറമ്പോക്കു പതിച്ചുകൊടുക്കുന്നതിനു്. എല്ലാസ്ഥലങ്ങളിലേയ്ക്കും general orders അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എം ഇബ്രാഹിം.—ബാക്കിയുള്ള പ്രമേയങ്ങളെ സംബന്ധിച്ചു് എന്തുനടപടി നടത്തി?

രാമവമ്മതമ്പുരാൻ.—ബാക്കിയുള്ളവയെ സംബന്ധിച്ചു് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിൽനിന്നു് ഒരു സംഖ്യ മാറണമെന്നാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതു് sanction ചെയ്തിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ മീറ്റിംഗിൽനിന്നു് അയച്ചിട്ടുള്ള എല്ലാ റസല്യൂഷൻസും ഇതിൽ ചേർത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉണ്ടെന്നാണു് തോന്നുന്നതു്; അതിന്റെ ഒരു കാപ്പിയാണിതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—എനിക്കു കിട്ടിയിട്ടുള്ള കാപ്പിയിൽ എല്ലാഭാഗങ്ങളും ചേർത്തിട്ടില്ലെന്നാണു തോന്നുന്നതു്?

രാമവമ്മതമ്പുരാൻ.—വിട്ടുപോയിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃതരുടെ ശ്രീകരണത്തെപ്പറ്റിയുള്ള പ്രമേയത്തെ സംബന്ധിച്ചു് വല്ലതും ചെയ്തുകൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—രണ്ടാം പാരയിൽ പറഞ്ഞിട്ടുള്ള സംഗതി അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly